LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ്-തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും സ്റ്റുഡന്റ്സ് ഹോസ്റ്റലിന്റെയും നിർമ്മാണം

322(3247) ശ്രീ. കെ. കുഞ്ഞിരാമൻ തൃക്കരിപ്പൂർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും സ്റ്റുഡന്റ്സ് ഹോസ്റ്റലന്റെയും പാതിവഴിയിലായ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും സ്റ്റുഡന്റ്സ് ഹോസ്റ്റലിന്റെയും നിർമ്മാണത്തിന് 6-12-2014-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ2893/14/ഉ.വി.വ പ്രകാരം 723 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ടെണ്ടർ നടപടി പൂർത്തിയായാലുടൻ നിർമ്മാണം ആരംഭിക്കുന്നതാണ്.

കാസർഗോഡ്-മംഗലാപുരം ദേശീയപാത

323(3248) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-മംഗലാപുരം ദേശീയപാത കുണ്ടും കുഴിയും നിറഞ്ഞു മാസങ്ങളായി ഗതാഗതയോഗ്യമല്ലാതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിപ്രധാനമായ പ്രസ്തുത പാത അവഗണിക്കപ്പെടാൻ എന്താണ് കാരണം ; ഇതിന്റെ അറ്റകുറ്റ പണികൾ നടത്തി ഗതാഗതയോഗ്യമാക്കാൻ സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് ; ഇതിനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ എസ്റ്റിമേറ്റ് തുക വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് - മംഗലാപുരം ദേശീയ പാതയുടെ ചില ഇടങ്ങളിൽ റോഡിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തലപ്പാടി മുതൽ ഉപ്പള വരെ (കി.മീ 18/050 മുതൽ 29/000 വരെ) പുതുക്കുന്നതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഉപ്പള മുതൽ കുമ്പള വരെയുള്ള ഭാഗം (കി.മീ 29/000 മുതൽ 41/000 വരെ) 2012-ൽ ഉപരിതലം പുതുക്കിയതാണ്. ഈ